## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7989 16-07-2014 -ൽ മറുപടിക്ക്.

### സർക്കാർ ജീവനക്കാർക്ക് ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. അസീസ്. | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്ക് ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭവന നിർമ്മാണ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയ്ക്കായി 2010-11, 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ സർക്കാർ ബഡ്ജറ്റിലൂടെ പദ്ധതി ച്ചെലവ് അനുവദിച്ചിട്ടുണ്ട്. അതു പ്രകാരം 2010-11 സാമ്പത്തിക വർഷം മുതൽ ബോർഡ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി റവന്യു വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. |
| (ബി) | എവിടങ്ങളിലൊക്കെയാണ് പദ്ധതി നടപ്പിലാക്കുന്നത്; | (ബി) | ഇടുക്കി ജില്ലയിൽ ദേവികുളത്തും, കാസർഗോഡ് ജില്ലയിൽ കാസർഗോഡും, തൃശ്ശൂർ ജില്ലയിൽ കുട്ടനെല്ലൂരുമാണ് ഈ പദ്ധതി നിലവിൽ നടപ്പിലാക്കുന്നത്. |
| (സി) | ഭവനങ്ങളുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; ജീവനക്കാരനെ തെരെഞ്ഞെടുക്കുന്നത് എങ്ങനെ; ഭവനത്തിന്റെ വില ജീവനക്കാരൻ അടയ്ക്കേണ്ടത് എപ്രകാരമാണ്; തുടങ്ങിയ വിശദാംശങ്ങൾ നൽകുമോ? | (സി) | എസ്റ്റിമേറ്റ് തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>ദേവികുളം സർക്കാർ ക്വാർട്ടേഴ്സ് ഫേസ് II<br>(6 യൂണിറ്റുകൾ) 1,82,00,000/- രൂപ<br>ദേവികുളം സർക്കാർ ക്വാർട്ടേഴ്സ് ഫേസ് III<br>(6 യൂണിറ്റുകൾ) 2,00,00,000/-രൂപ<br>കുട്ടനെല്ലൂർ സർക്കാർ ക്വാർട്ടേഴ്സ് ഫേസ് III<br>(6 യൂണിറ്റുകൾ) 1,31,00,000/- രൂപ<br>കാസർഗോഡ് ഫേസ് I<br>(12 യൂണിറ്റുകൾ) 1,82,08,125/- രൂപ |

കാസർഗോഡ് ഫേസ് II

(12 യൂണിറ്റുകൾ) 1,57,84,000/- രൂപ

കാസർഗോഡ് ഫേസ് III

(12 യൂണിറ്റുകൾ) 2,38,00,000/- രൂപ

പ്ലാൻ ഫണ്ട് വിനിയോഗിച്ച് സർക്കാർ ഭൂമിയിൽ ബോർഡ് നിർമ്മിച്ച് കൈമാറുന്ന ഫ്ളാറ്റുകളുടെ അലോട്ട്മെന്റ് മാനദണ്ഡങ്ങളും വാടകയും നിശ്ചയിച്ച് അർഹതപ്പെട്ട സർക്കാർ ജീവനക്കാർക്ക് അലോട്ട് ചെയ്യുന്നത് ജില്ലാ കളക്ടറാണ്.

സെക്ഷൻ ഓഫീസർ